## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 213 — 07.08.2017 ൽ മറുപടിക്ക്

### ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി പി എച്ച് സി കളിലും, സി എച്ച് സി കളിലും താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലും എന്തെല്ലാം സൗകര്യങ്ങൾഏർപ്പെടുത്താനാണ് നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ചികിത്സാ സംവിധാനങ്ങളെ എല്ലാ രീതിയിലും രോഗീസൗഹൃദമാക്കുന്നതിനുള്ള സംരംഭമാണ് ആർദ്രം മിഷൻ. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക, ജില്ലാ താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ, അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ടും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചുകൊണ്ടും സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി തിരഞ്ഞെടുത്ത 170 പി.എച്ച്.സി-കളിൽ 680 തസ്തികകളും പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 23 കോടി രൂപക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറി സൗകര്യം ലഭിക്കുന്നതിന് 2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ |

| | | | |
|---|---|---|---|
| | | | വാങ്ങുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പ് മീറ്റിംങ്ങുകൾ നടന്നു കഴിഞ്ഞു. അതനുസരിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ കെ.എം.എസ്.സി,എൽ വഴി ആരംഭി ച്ചിട്ടിണ്ട്. ജില്ലാ താലൂക്ക് തല ആശുപത്രികളിലേയ്ക്കുള്ള ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് കെ.എം.എസ്.സി,എൽ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. KIIFB യിൽ ഉൾപ്പെടുത്തിയ ഡയാലിസസ് യൂണിറ്റ് സജ്ജമാക്കാൻ പ്രവർത്തനങ്ങൾ കെ.എം. എസ്.സി,എൽ വഴി നടന്നുവരുന്നു. ജില്ലാ താലൂക്ക് തല ആശുപത്രികളുടെ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ KIIFB , പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴി നടന്നുവരുന്നു. ആഗസ്റ്റ്, സെപ്റ്റംബർ മാസത്തോടു കൂടി ഏതാനും ഫാമിലി ഹെൽത്ത് സെന്ററുകൾ പ്രവർത്തനക്ഷമമാക്കാനും ബാക്കിയുള്ളവ 2018 മാർച്ച് 31-ന് മുൻപായി പ്രവർത്തനക്ഷമമാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ചാലക്കുടി മണ്ഡലത്തിലെ വിവിധ പി എച്ച് സി കളിലും,സി എച്ച് സി കളിലും, ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലും ആർദ്രം പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളും ഏർപ്പെടുത്തുന്ന കൂടുതൽ സൗകര്യങ്ങളും എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ? | (ബി) | ചാലക്കുടി മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത പട്ടികയിൽ പി.എച്ച്.സി പരിയാരം, ചാലക്കുടി താലൂക്ക് ആശുപത്രി എന്നിവ ഉൾപ്പെട്ടിട്ടുണ്ട് .ഒരു അസി. സർജൻ, രണ്ട് സ്റ്റാഫ് നേഴ്സ് ഒരു ലാബ് ടെക് നീഷ്യൻ എന്നിവരുടെ തസ്തികകൾ പി.എച്ച്.സി പരിയാരവും , 3 സ്റ്റാഫ് നേഴ്സ് ഒരു ലാബ് ടെക് നീഷ്യൻ എന്നിവരുടെ തസ്തികകൾ ചാലക്കുടി താലൂക്ക് ആശുപത്രിയിലും സൃഷ്ടിച്ചിട്ടുണ്ട് മറ്റുള്ള തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസൽ പരിഗണനയിലാണ് ആർദ്രം പദ്ധതിയിൽ സി.എച്ച്.സി-കളെ പരിഗണിച്ചിട്ടില്ല. താലൂക്ക് നിലവാരത്തിലുള്ള ചുരുക്കം ചില സി.എച്ച്.സി-കൾ മാത്രമേ |

| | | | | |
|---|---|---|---|---|
| | | | | ഉൾപ്പെട്ടിട്ടുള്ളൂ.<br>4.35 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ തലത്തിൽ തയ്യാറാക്കി വരുന്നു |

സെക്ഷൻ ഓഫീസർ